(ബി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കേരള പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല.

(സി) ഇല്ല. ഈ കേസും കേസിലെ പ്രതികളും എൻ.ഐ.എ. കോടതിയുടെ അധീനതയിലാണുള്ളത്.

(ഡി) പോലീസിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ അനാസ്ഥയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രൂപ്പുപോരിന്റെ പേരിലുള്ള സംഘർഷങ്ങൾ

240 (3752) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കോൺഗ്രസ്, യൂത്ത് കോൺഗ്രസ്, കെ.എസ്.യു. ഗ്രൂപ്പുവഴക്കിന്റെ പേരിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഗ്രൂപ്പു വഴക്കിന്റെ പേരിലുള്ള സംഘർഷത്തിന്റെ ഭാഗമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) യു.ഡി.എഫ്.-ലെ മറ്റ് ഘടക കക്ഷികളുടെ പ്രവർത്തകരും, കോൺഗ്രസ് പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കോൺഗ്രസ്, യൂത്ത് കോൺഗ്രസ്, കെ.എസ്.യു. ഗ്രൂപ്പുവഴക്കിന്റെ പേരിൽ കൊലപാതകങ്ങളൊന്നും നടന്നിട്ടില്ല.

(ബി) ഗ്രൂപ്പുവഴക്കിന്റെ പേരിലുള്ള സംഘർഷത്തിന്റെ ഭാഗമായി 52 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) യു.ഡി.എഫ്.-ലെ മറ്റ് ഘടക കക്ഷികളുടെ പ്രവർത്തകരും കോൺഗ്രസ് പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തിന്റെ പേരിൽ 27 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly